**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 9** **01-02-2023 - ൽ മറുപടിയ്ക്ക്**

**നെല്ല് സംഭരണത്തിലെ നിയന്ത്രണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. യു.എ.ലത്തീഫ്,<br>ശ്രീ. അബ്ദുൽ ഹമീദ് പി,<br>ശ്രീ എ കെ എം അഷ്‌റഫ് | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കർഷകരിൽ നിന്നും നെല്ല് സംഭരിക്കുന്നതിൽ എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; | (എ) | കർഷകർ ഉല്പാദിപ്പിക്കുന്ന നെല്ല് സംഭരിക്കുന്നതിൽ നിയന്ത്രണങ്ങൾ ഒന്നും തന്നെ ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ ക്രമക്കേടുകൾ തടയുക എന്ന ഉദ്ദേശ്യത്തോടെ കൂടുതൽ ജാഗ്രത പുലർത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി സപ്ലൈകോ നെല്ല് സംഭരണ വെബ്സൈറ്റ് (www.supplycopaddy.in) റവന്യൂ വകുപ്പിന്റെ ലാന്റ് റെക്കോഡ് സൈറ്റുമായി ബന്ധിപ്പിച്ചിട്ടുണ്ട്. അതിലൂടെ കൃഷി സ്ഥലത്തിന്റെ വിസ്തൃതി കൃത്യമായി അറിയുവാൻ സാധിക്കും. കൂടാതെ കർഷകരുടെ ആധാർ നമ്പറും രജിസ്ട്രേഷൻ സമയത്ത് രേഖപ്പെടുത്തുന്നുണ്ട്. സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ട്മെന്റിന്റെ ക്രോപ്പ് കട്ടിംഗ് രീതി അനുസരിച്ചാണ് ഓരോ പഞ്ചായത്തിലെയും നെല്ലിന്റെ ഉൽപ്പാദനക്ഷമത കണ്ടെത്തുന്നത്. ഇത്തരത്തിൽ കണ്ടെത്തുന്ന ഉൽപ്പാദനക്ഷമതയ്ക്കുള്ളിൽ നിൽക്കുന്ന കർഷകരുടെ നെല്ല് പ്രാരംഭഘട്ടത്തിൽ സംഭരിക്കുകയും അധികോൽപ്പാദനം കിട്ടിയിട്ടുള്ള കർഷകരുടെ നെല്ല് കൃഷി ഓഫീസറുടെ സാക്ഷ്യപത്രം കിട്ടിയശേഷം തുടർന്ന് സംഭരിക്കുകയും ചെയ്യുന്നു. പ്രാദേശിക വ്യതിയാനം അനുസരിച്ച് ഏക്കറിന് 2200 കി.ഗ്രാം മുതൽ 3000 കി.ഗ്രാം വരെയുള്ള നെല്ല് പ്രാഥമികമായി സംഭരിക്കപ്പെടുന്നു. ഈർപ്പം ഉൾപ്പെടെയുള്ള ഗുണമേന്മ പരിശോധനയ്ക്കുശേഷം മാത്രമാണ് നെല്ല് സംഭരിക്കപ്പെടുന്നത്. കേന്ദ്ര സർക്കാർ |

| | | | |
|---|---|---|---|
| | | | മാനദണ്ഡങ്ങൾ അനുസരിച്ച് കൃഷി ചെയ്യുന്ന ഭൂമിയ്ക്ക് ഉയർന്ന പരിധി നിശ്ചയിക്കപ്പെട്ടിട്ടില്ല. എന്നാൽ സംസ്ഥാന സർക്കാർ ആനുകൂല്യം ചെറുകിട നാമമാത്ര കർഷകർക്കായി പരിമിതപ്പെടുത്തിയിട്ടുള്ളതിനാൽ 5 ഏക്കറിൽ കൂടുതൽ കൃഷി ചെയ്യുന്ന കർഷകർക്ക് 5 ഏക്കറിലുള്ള വിളവിനുമാത്രമായി സംസ്ഥാന പ്രോത്സാഹന ബോണസ് പരിമിതപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അധിക വിസ്തൃതിയിലുള്ള വിളവിന് കേന്ദ്ര സർക്കാരിന്റെ MSP ലഭിക്കുന്നതാണ്. നെല്ലിന്റെ വില കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് digital payment ആയി നേരിട്ട് നൽകുന്നതിലൂടെ നെല്ലുൽപ്പാദിപ്പിക്കുന്ന കർഷകർക്കുതന്നെ അതിന്റെ വിലയും ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നു. |
| (ബി) | നിശ്ചിത അളവിൽ നെല്ല് നൽകാൻ കഴിയാത്ത കർഷകരുടെ പേരിൽ ഇതര സംസ്ഥാനങ്ങളിൽ നിന്നും നെല്ല് കൊണ്ടുവന്ന് സംസ്ഥാനത്തിന്റെ സംഭരണത്തിൽ ഉൾപ്പെടുത്തുന്നതായി കണ്ടെത്തിയിട്ടുണ്ടോ; | (ബി) | നിശ്ചിത അളവിൽ നെല്ല് നൽകുവാൻ കഴിയാത്ത കർഷകരുടെ പേരിൽ അധികം നെല്ല് സംഭരിക്കപ്പെട്ടതായി സപ്ലൈകോ വിജിലൻസ് വിഭാഗം കണ്ടെത്തിയിട്ടുണ്ട്. എന്നാൽ ഈ നെല്ല് അന്യ സംസ്ഥാനങ്ങളിൽ നിന്ന് വന്നതാണെന്ന് ഉറപ്പാക്കുവാനുള്ള തെളിവുകൾ ലഭിച്ചിട്ടില്ല. നെല്ലിന്റെ ഉൽപ്പാദനക്ഷമതയും വിളവും സംബന്ധിച്ച വിവരങ്ങൾ കൃഷി വകുപ്പുമായി ബന്ധപ്പെട്ടതിനാൽ കർഷകർ അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള നെല്ല് സ്വയം ഉൽപ്പാദിപ്പിച്ച നെല്ലിനൊപ്പം കലർത്തുന്നുണ്ടോ എന്ന് കണ്ടുപിടിക്കുവാൻ സപ്ലൈകോയ്ക്ക് പരിമിതികളുണ്ട്. എന്നാൽ പരാതികൾ ലഭിക്കുന്ന മുറയ്ക്ക് സപ്ലൈകോ വിജിലൻസ് വിഭാഗം ഇതു സംബന്ധിച്ച പരിശോധനകൾ നടത്തി വരുന്നു. |
| (സി) | എങ്കിൽ ഇതുമൂലം സംസ്ഥാനത്തിനുണ്ടായ നഷ്ടം കണക്കാക്കിയിട്ടുണ്ടോ; | (സി) | സപ്ലൈകോ വിജിലൻസ് വിഭാഗം നടത്തിയ അന്വേഷണത്തിൽ അന്യ സംസ്ഥാനങ്ങളിൽ നിന്ന് നെല്ല് വന്നിട്ടുണ്ടെന്ന് തെളിവു സഹിതം കൃത്യമായി കണ്ടെത്തുവാൻ സാധിക്കാത്തതിനാൽ ഇത് സംബന്ധിച്ച നഷ്ടം നിജപ്പെടുത്തുവാൻ സാധിച്ചിട്ടില്ല. |
| (ഡി) | ഇത്തരം തട്ടിപ്പുകൾ തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ? | (ഡി) | നെല്ല് സംഭരണവുമായി ബന്ധപ്പെട്ട പ്രധാന പ്രശ്നങ്ങൾ പഠിക്കുന്നതിനും പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനുമായി ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിക്കുന്നതിന് 11.01.2023 ൽ കൂടിയ കൃഷി - ഭക്ഷ്യ വകുപ്പ് മന്ത്രിമാരുടെ യോഗത്തിൽ തീരുമാനിച്ചിരുന്നു. ഡോ. വി. കെ. ബേബി IAS(Rtd) ചെയർമാനായും ഡോ. ശ്രീറാം വെങ്കിട്ടരാമൻ IAS കൺവീനറായും ശ്രീമതി എൽ. ആർ. ആരതി IES |

| | | | |
|---|---|---|---|
| | | | മെമ്പർ സെക്രട്ടറിയായും നിയോഗിച്ചുകൊണ്ടുള്ള ഉത്തരവ് (23.01.2023 ലെ G.O (Ms) No. 12/2023/Agri) പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>കർഷക രജിസ്ട്രേഷൻ പൂർത്തിയാക്കി തുടർ നടപടികൾക്കായി സപ്ലൈകോയിലേയ്ക്ക് നൽകുന്നതിനുമുമ്പ് കൃഷിസ്ഥലത്തിന്റെ വിസ്തൃതി സംബന്ധിച്ചുള്ള വിവരങ്ങൾ ഫീൽഡ് പരിശോധനയിലൂടെ കൃഷി ഉദ്യോഗസ്ഥർ ഉറപ്പാക്കണമെന്ന് കർശനമായ നിർദ്ദേശം നല്കിയിട്ടുണ്ട്. കൂടാതെ സൈറ്റിൽ രജിസ്റ്റർ ചെയ്ത സ്ഥലത്തു നിന്നുതന്നെയാണ് അതാത് കർഷകരുടെ നെല്ല് സംഭരിക്കുന്നതെന്ന് ഉറപ്പാക്കുന്നതിന് പി.ആർ.എസ് നൽകുന്ന സമയത്ത് കൃഷി ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യം ഉണ്ടാകേണ്ടതാണെന്നും നിർദ്ദേശം നല്കിയിട്ടുണ്ട്. നെല്ല് സംഭരണവുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ തടയുവാൻ സപ്ലൈകോ വിജിലൻസ് വിഭാഗത്തിന്റെ കർശന പരിശോധനകൾ നടത്തി വരുന്നു.<br><br>നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഏജന്റുമാരുടെ പ്രവർത്തനം സുതാര്യമാക്കുന്നതിന് സംഭരണ സീസൺ ആരംഭിക്കുന്നതിന് മുമ്പ് മിൽ ഏജന്റുമാർക്ക് ഐഡി കാർഡ് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. നെല്ല് സംഭരണ പദ്ധതികളെക്കുറിച്ച് കർഷകരെ ബോധവൽക്കരിക്കുന്നതിനായി കൃഷി വകുപ്പുമായിചേർന്ന് ക്യാമ്പയിനുകൾ സംഘടിപ്പിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# GOVERNMENT OF KERALA

## Abstract

Agriculture Department - Revamping the paddy procurement system - Constitution of an ***Expert Committee*** to study the present mode of paddy procurement , in order to resolve the issues and complaints - Orders - issued.

## AGRICULTURE (PLANNING-A) DEPARTMENT

G.O.(Ms)No.12/2023/AGRI Dated,Thiruvananthapuram, 23-01-2023

Read 1 Meeting held on 11/01/2023 under the chairmanship of Hon'ble Minister (Food & Civil Supplies Department).

2 Note No. CA/182/Prl.Secy/Agri/2023 dated: 16/01/2023.

## ORDER

A meeting was convened on 11/01/2023 under the Chairmanship of Hon'ble Minister (Food & Civil Supplies Department) along with the Hon'ble Ministers of Agriculture Department, Local Self Government Department and Power Department to resolve the issues/complaints that plague the present paddy procurement system. While examining specific complaints alleging pilferage, price arbitrage or switching with PDS etc., it is found that a systemic/process analysis is urgently needed, and hence decided in the meeting that the Director of Agriculture Development and Farmers' Welfare Department with the support of Supplyco, must undertake a quick process review study on the present mode of paddy procurement.

2) In the circumstance, Government are pleased to constitute an Expert Committee with the following Experts/Members to study the present mode of paddy procurement in order to resolve the issues/complaints that plague the present paddy procurement system.

| | | |
|---|---|---|
| 1 | Dr. V.K. Baby, IAS (Rtd) | - Chairman |
| 2 | Dr. Sriram Venkitaraman, IAS, General Manager, Kerala State Civil Supplies Corporation and ED,VAAM | - Convener |
| 3 | Smt. L.R. Aarathi IES, Special Officer, WTO Cell, Department of Agriculture | - Co-convener & Member Secretary |

3) The above committee will finalize suitable Terms of Reference on the following indicative list, and also associate any officer of Directorate Of Agriculture/Directorate of Civil Supplies/Supplyco to assist the work.

I. Review the process prescribed by the Directorate of Agriculture/GoI and Supplyco from extant orders and identify systemic gaps/snags/unproductive loops providing for complaints/lacunae noted.

II. Review it with various stakeholders such as Farmers, Officers and Millers.

III. Recent Court interventions/judgments/implications/remedial measures.

IV. Role of IT/Remote sensing in improving the process and outcome.

V. Whether investing/spending in procurement of rice is the best way to advance the case of the rice farmers and all other stakeholders.

4) The Additional Director of Marketing will handle expenditure aspects for the study report. An Office space and DEO/TA/OA on will be provided by CMD Supplyco. Hired vehicles may be placed for the Chairman/Members during assignment. Non official members will be eligible to TA/DA as applicable for class I officer/least rank held. The Member Secretary will invoice the relevant head of account. CMD Supplyco will render all learning support and support transport/office assistance as seen necessary requested by the Chair/ Member Secretary. The Study will be completed in 60 days and report made available to Government.

5) District Collectors of Alappuzha, Palakkad, Malappuram and Thrissur to conduct stakeholders / key important consultations.

6) A reasonable consolidated fee will be paid to the non official Members/Chairman. TA/DA will be defrayed by the Director of

Agriculture from suitable Head of Account.

(By order of the Governor)
AJITHDAS A
ADDITIONAL SECRETARY

To:
Dr. V.K.Baby, IAS (Rtd) ,
Dr. Sriram Venkitaraman IAS, GM, KSCSC & ED, VAAM
Smt. L.R.Aarathi IES, Special Officer, WTO Cell, Department of Agriculture
The Director of Agriculture Development and Farmers Welfare Department,Thiruvananthapuram
The District Collectors Alappuzha/Palakkad/Malappuram/Thrissur
The CMD Supplyco .
The Accountant General (A&E/Audit1/Audit2), Thiruvananthapuram
The Chief (Agri), State Planning Board, Thiruvananthapuram
The Food & Civil Supplies Department
The Planning and Economic Affairs Department
The I&PRD (Web & New Media)
Stock File/ Office Copy

Forwarded /By order

Section Officer